### കുറ്റ്യാടി മണ്ഡലത്തിലെ ഐ.ടി.ഐ.-കൾക്ക് സ്വന്തമായി കെട്ടിടം

263(4273) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ, വില്ല്യാപ്പള്ളി ഐ.ടി.ഐ.-കൾക്ക് സ്വന്തമായി കെട്ടിടമുണ്ടോയെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ, വില്ല്യാപ്പള്ളി (വടകര) ഐ.ടി.ഐ.-കൾക്ക് സ്വന്തമായി കെട്ടിടം ഇല്ല. മേൽ ഐ.ടി.ഐ.-കൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണ പദ്ധതികൾക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; ഏത് ഏജൻസി വഴിയാണ് നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

മണിയൂർ, വില്ല്യാപ്പള്ളി (വടകര) ഐ.ടി.ഐ.-കൾക്ക് നിലവിൽ സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് യഥാക്രമം 6.9 കോടി രൂപ, 6.96 കോടി രൂപയുടെ ശിപാർശ സർക്കാരിലേയ്ക്ക് ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു. ഭരണാനുമതി ഉത്തരവ് നല്കുന്ന മുറയ്ക്ക് പൊതുമരാമത്ത് വകുപ്പ് മുഖേന ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രസ്തുത നിർമ്മാണങ്ങൾ പൂർത്തിയാക്കുന്നതാണ്.

### പള്ളിപ്പാട് സർക്കാർ ഐ.ടി.ഐ.-യുടെ വികസനം

264(4274) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ പള്ളിപ്പാട് പ്രവർത്തിക്കുന്ന സർക്കാർ ഐ.ടി.ഐ.-യുടെ തുടർ വികസനത്തിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

പള്ളിപ്പാട് സർക്കാർ ഐ.ടി.ഐ.-യുടെ തുടർ വികസനത്തിനായുള്ള ശിപാർശകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly